കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# മുഹമ്മ ഗ്രാമപഞ്ചായത്ത്

# 2016-2017

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി14-858/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി..20.07.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുഹമ്മ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുഹമ്മ ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി14-858/17 തിയതി: 20.07.2017

## ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2016 മുതൽ 20.06.2017 വരെ വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21.06.2017 മുതൽ 01.07.2017വരെ | ശ്രീ. രാജീവ്. ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ. രാജേഷ്. കെ. ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ജാക്വിലിൻ. പി.ഡബ്ല്യു., സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീ. ജെ ജയലാൽ | 01.04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1. | ശ്രീമതി. എസ്. അംബിക | 01.04.2016 മുതൽ 31.03.2017 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | പേര് | കാലയളവ് |
|---|---|---|
| ധനകാര്യം | ശ്രീമതി. മായ | 01/04/2016 - 31/03/2017 |

| | പേര് | കാലയളവ് |
|---|---|---|
| വികസനകാര്യം | ശ്രീ.ഡി. സതീശൻ | 01/04/2016 - 31/03/2017 |
| ക്ഷേമകാര്യം | ശ്രീമതി സിന്ധു രാജീവ് | 01/04/2016 - 31/03/2017 |
| ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീ. സി. ബി. ഷാജികുമാർ | 01/04/2016 - 31/03/2017 |

4) <u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ജൂലി ലൂക്ക് | 01/04/2016 - 31/03/2017 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. ശ്രീദേവി | 01/04/2016 - 31/03/2017 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ജെ. ശ്രീകുമാർ | 01/04/2016 - 31/03/2017 |
| വെറ്ററിനറി സർജൻ | ഡോ. കെ. റ്റി. രാജു | 01/04/2016 - 31/03/2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ലേജു ടി ജി | 01/04/2016 - 31/03/2017 |
| പ്രധാന അധ്യാപിക,<br>ഗവ. എൽ.പി.എസ്. | ശ്രീമതി. ജ്യോതികല.പി. എസ്. | 01/04/2016 - 31/03/2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. മായാദേവി പി.ആർ. | 01/04/2016 - 31/03/2017 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ. ജലീൽ എസ്. | 01/04/2016 - 31/03/2017 |
| | ശ്രീ. പ്രദീപ് കുമാർ സി. | 01/04/2016 - 31/03/2017 |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. സലില | 01/04/2016 - 31/03/2017 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. ബിന്ദു എ. ഒ. | 01/04/2016 - 31/03/2017 |
| | ശ്രീമതി. പ്രിയാമോൾ.വി. എസ്. | 01/04/2016 - 31/03/2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം -1 | | |
| 1 | പൊതു അവലോകനം | 1-1 മുതൽ 1-11 വരെ |
| ഭാഗം -2 | | |
| 2 | ലൈസൻസില്ലാതെ പെട്രോൾ പമ്പ് വർഷങ്ങളായിപ്രവർത്തിക്കുന്നു | 2-1 |
| 3 | പഞ്ചായത്ത് മാർക്കറ്റ് പ്രവർത്തനരഹിതം | 2-2 |
| 4 | തൊഴിൽ നികുതി- പിരിവ് കാര്യക്ഷമമാക്കണം | 2-3 |
| ഭാഗം-3 | | |
| 5 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-1 |
| 6 | പാലിയേറ്റീവ് കെയർ -മരുന്നുകൾ ലഭ്യമായില്ല. | 3-2 |
| 7 | ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ-മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-3 |
| 8 | ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-4 |
| 9 | ഗുണഭോക്തൃവിഹിതം - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-5 |
| 10 | ഡ്രൈവിംഗ് പരിശീലനം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 3-6 |
| 11 | എസ്.എസ്.എ.- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-7 |
| 12 | ഫർണ്ണീച്ചർ വാങ്ങിയതിന്റെ സ്റ്റോക്ക്,വിതരണ രേഖകൾ ഹാജരാക്കിയില്ല.-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-8 |
| 13 | ബാലസഭ പ്രോജക്ട്- അപാകതകൾ | 3-9 |
| 14 | ക്വട്ടേഷൻ ക്ഷണിക്കാതെ പർച്ചേസ് നടത്തി- ചെലവ് തുക തടസ്സപെടുത്തുന്നു | 3-10 |
| 15 | അംഗീകൃത വായനശാലകൾക്ക് പത്ര വരിസംഖ്യ- പ്രോജക്ടിലെ ന്യൂനതകൾ | 3-11 |
| 16 | കരാർ പ്രവൃത്തികളിൽ നിന്നും നിശ്ചിത നിരക്കിൽ സേവന നികുതി ഈടാക്കുന്നില്ല | 3-12 |

| | | |
|---|---|---|
| 17 | അങ്കണവാടികളുടെ പുനർ നിർമ്മാണം-പഴയ കെട്ടിടം പൊളിച്ചതിന്റേയും ഉടമസ്ഥാവകാശം സംബന്ധിച്ചതിന്റേയുംരേഖകൾ ഹാജരാക്കിയില്ല. | 3-13 |
| 18 | അങ്കണവാടികളുടെ പുനർ നിർമ്മാണം- ആർ.ആർ. മേസൺറി പ്രവൃത്തിയ്ക്ക് അധിക നിരക്ക് അനുവദിച്ചത് അംഗീകരിക്കുന്നില്ല. | 3-14 |
| 19 | ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്യാതിരുന്നത് മൂലം അധിക തുക നൽകി | 3-15 |
| 20 | മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം | 3-16 |
| ഭാഗം 4 | | |
| 21 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |
| അനുബന്ധം | | |
| 22 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (മലയാളം) | 1 |
| 23 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (ഇംഗ്ലീഷ്) | 2 |



# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04/03/2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 12,14,69,710/- | 11,80,87,000/- |
| വാർഷിക കണക്ക് പ്രകാരം | 4,67,86,608/- | 3,91,51,887/- |

ബജറ്റും വാർഷിക കണക്കും തമ്മിൽ വളരെയേറെ അന്തരമുള്ളതിനാൽ ബജറ്റ് യുക്തിസഹമായിട്ടല്ല തയാറാക്കുന്നതെന്ന് വ്യക്തമാണ്.യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയാറാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ,സാമ്പത്തിക വർഷം അവസാനിക്കുന്നതിന് വളരെ മുൻപുതന്നെ വാർഷിക പദ്ധതി തയാറാക്കി അംഗീകാരം നേടണമെന്നും ഇപ്രകാരം അംഗീകാരം നേടുന്ന വാർഷിക പദ്ധതി കൂടി സംയോജിപ്പിച്ചുകൊണ്ടായിരിക്കണം ബജറ്റ് തയാറാക്കി സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് ഭരണസമിതിയുടെ അംഗീകാരം നേടേണ്ടതെന്നും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 214) അനുശാസിക്കുന്നു. വാർഷിക പദ്ധതികൾ പൂർണ്ണമായും ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 06.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ (ക്വാളിഫൈഡ്) സർട്ടിഫിക്കറ്റ് നൽകുന്നു.

(വിശദ വിവരം ഖണ്ഡിക- 4-1 കാണുക)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15647018 |
| വരവ് | 46786608 |
| ആകെ | 62433626 |
| ചെലവ് | 39151887 |
| നീക്കിയിരിപ്പ് | 23281739 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 12186217 | 9661320 | 79.28 % |
| വികസനഫണ്ട് എസ്.സി.പി. | 2718258 | 1277950 | 47.01 % |
| വികസനഫണ്ട് ടി.എസ്.പി. | 122142 | 97300 | 79.66 % |
| സംരക്ഷണഗ്രാന്റ് റോഡ് | 2772789 | 1551917 | 55.96 % |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3283740 | 1900859 | 57.88 % |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6834492 | 5326355 | 77.93 % |
| പെർഫോമൻസ് ഗ്രാന്റ് | 4662594 | 1042123 | 29.12 % |
| ബി ഫണ്ട് | 41030845 | 41030845 | 100% |
| എം.എൻ.ആർ.ഇ.ജി.എസ്. | 31202730 | 31001930 | 99.35% |
| | (മുന്നിരിപ്പ് 6054 ഉൾപ്പെടെ) | | (നീക്കിയിരിപ്പ് 200800) |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 143 | 32580232 | 92 | 20857824 | - | 51 | 64 % |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4770470 | 7148741 | 2378271 | + 49.85 |
| നികുതിയേതര വരവുകൾ | 509635 | 870882 | 361247 | +70.88 |
| മറ്റ് വരവുകൾ | 269657 | 211744 | 330613 | _21.56 |
| ആകെ | 5549762 | 8231367 | 2681605 | + 48.31 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 847800 | 600 |
| കർഷകതൊഴിലാളി പെൻഷൻ | 1751800 | 187 |
| വിധവാപെൻഷൻ | 7656970 | 769 |
| വാർദ്ധക്യകാലപെൻഷൻ | 26203395 | 2416 |
| വികലാംഗപെൻഷൻ | 3253990 | 352 |
| അവിവാഹിതപെൻഷൻ | 1016890 | 96 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.06.2017, 3pm ന് സ്ഥാപന തലവന്റെ /ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 31,795/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു. തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 23/05/2017 | 04/2017 | 07/06/2017(02/17, 03/2017 മാസങ്ങളിലെ റിപ്പോർട്ട് |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02/02/2017 | 2010/11 മുതൽ 2014 /15 വരെ | 04/04/2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈസൻസില്ലാതെ പെട്രോൾ പമ്പ് വർഷങ്ങളായിപ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ V/UA 295 G നമ്പർ കെട്ടിടത്തിൽ പെട്രോൾ പമ്പ് പ്രവർത്തിക്കുന്നുണ്ട്, 2005-6 വർഷത്തിലാണ് ഈ കെട്ടിത്തിന് നമ്പർ നല്കിയിരിക്കുന്നത്, പെട്രോൾ പമ്പിന്റെ ഡി ആന്റ് ഓ ലൈസൻസ് പരിശോധിച്ചതിൽ പെട്രോൾ പമ്പിൽ നിന്നും നാളിതുവരെ ഡി ആന്റ് ഓ ലൈസൻസ് ഫീസ് ഈടാക്കിയതായി രേഖകളില്ല. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ - 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ യാതൊരു സ്ഥാപനവും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കാൻ പാടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം 7) മറുപടി ലഭിച്ചില്ല. പെട്രോൾ പമ്പ് പ്രവർത്തിക്കുന്ന അനധികൃത കെട്ടിടം ക്രമപ്പെടുത്താനോ, ലൈസൻസില്ലാതെ പെട്രോൾ പമ്പ് പ്രവർത്തിക്കുന്നതിനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനോ യാതൊരു നീക്കങ്ങളും പഞ്ചായത്തിന്റ ഭാഗത്ത്നിന്നും ഉണ്ടായിട്ടില്ല. അതിനാൽ ലൈസൻസില്ലാതെ പെട്രോൾ പമ്പ് പ്രവർത്തിക്കുന്നതിന് നിയമനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 പഞ്ചായത്ത് മാർക്കറ്റ് പ്രവർത്തനരഹിതം

ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ ലേലം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 2014-15 വർഷം മാർക്കറ്റ് ലേലം കൊണ്ട കൊച്ചുമോൻ വെളിയിൽ ലേല തുകയായ 15000/- രൂപയിൽ 8000/- മാത്രമേ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളൂ, ബാക്കി തുക 7000/- ഈടാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 7) മറുപടി ലഭിച്ചില്ല. 2014-15 വർഷം മാർക്കറ്റ് ലേലം കൊണ്ടെങ്കിലും 2015-16, 2016-17 വർഷങ്ങളിൽ മാർക്കറ്റ് ആരും ലേലം കൊണ്ടിട്ടില്ല. മുൻവർഷങ്ങളിൽ വരുമാനമുണ്ടായിരുന്ന മാർക്കറ്റ് നിലവിൽ പ്രവർത്തനരഹിതമാണ്. അതിനാൽ മാർക്കറ്റ് നവീകരണം നടത്തി വരുമാനദായകമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഈടാക്കുവാനുള്ള ലേല തുക നിയമനടപടികളിലൂടെ ഈടാക്കുന്നതിനും ഉള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

## 2-3 തൊഴിൽ നികുതി- പിരിവ് കാര്യക്ഷമമാക്കണം

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ / വ്യക്തികൾ നിന്നും 16-17 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റ രേഖകൾ പരിശോധനയിൽ ലഭ്യമായില്ല, വിശദാംശം ചുവടെ ചേർക്കുന്നു.

a. കെ.എസ്.ഇ.ബി. മുഹമ്മ, വെള്ളകക്ക സൊസൈറ്റി രജി. നം 144 എന്നീ സ്ഥാപനങ്ങളുടെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

b. അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഹൈഡ്രോഗ്രാഫിക്ക് സർവ്വേ വിംഗ് 11601101391/ 8.2.16 രസീത് നം. പ്രകാരം രണ്ടാം അർദ്ധവർഷത്തിൽ 13000/- രൂപ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. എന്നാൽ ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി വരവ് വന്നിട്ടില്ല.

c. ആസാദ് മെമ്മോറിയൽ എൽ. പി. സ്കൂളിന്റെ ആദ്യപകുതിയിലെ തൊഴിൽ നികുതി 6380/- രൂപ 17.3.17 ൽ

ആണ് അടവാക്കിയത്. പിഴപലിശ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം. 7) മറുപടി ലഭിച്ചില്ല. ഈടാക്കുവാൻ ബാക്കി നിൽക്കുന്ന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവുകൾ ചുവടെ പരാമർശിച്ചിരിക്കുന്ന കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ നം. | പ്രോജക്റ്റിന്റെ പേര് | തുക | ബിൽ നം./ തീയതി | പരാമർശം |
|---|---|---|---|---|---|
| 1 | 25 | ജില്ല പ്ലാനിംഗ് കെട്ടിടനിർമ്മാണം | 300000 | 18/24.11.16 | കൈപറ്റ് രസീതില്ല, വിനിയോഗ വിവരമില്ല |
| 2 | 40 | അംഗനവാടിക്ക് സ്ഥലം | 78287<br>1666 | 17272/31.3.17<br>17266/31.3.17 | പോക്ക് വരവ് ചെയ്ത് പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 3 | 47 | അംഗനവാടിക്ക് കുടിവെള്ള കണക്ഷൻ | 50000<br>10000 | 55/31.3.17<br>17269/31.317 | വാട്ടർഅതോറിറ്റിയുമായി എഗ്രിമെന്റ് വെച്ചിട്ടില്ല. കണക്ഷൻ ലഭിച്ചത് സംബന്ധിച്ച രേഖകൾ ഇല്ല |
| 4 | 117 | തെരുവ് വിളക്ക് വൈദ്യുത ലൈൻ സ്ഥാപിക്കൽ | 100000<br>8750 | 42/21.3.17<br>17270/31.3.17 | വിനിയോഗ വിവരമില്ല |
| 5 | 150 | വൈദ്യുത ലൈൻ സ്ഥാപിക്കൽ | 374878<br>225122<br>600000 | 56/31.3.17<br>57/31.3.17<br>1586064/31.3.17 | വിനിയോഗ വിവരമില്ല |
| 6 | 26 | IKM വിഹിതം നൽകൽ | 46378 | 257765/29.11.16 | വിനിയോഗ വിവരമില്ല |
| | | ആകെ | 17,95,081 | | |

## 3-2 പാലിയേറ്റീവ് കെയർ -മരുന്നുകൾ ലഭ്യമായില്ല.

അസിസ്റ്റന്റ് സർജൻ മെഡിക്കൽ ഓഫീസർ സി. എച്ച്. സി. മുഹമ്മ നടപ്പാക്കിയ പാലിയേറ്റീവ് കെയർ മരുന്നുവാങ്ങൽ പദ്ധതിക്കായി (പ്രോജക്ട് നം. S120/17) ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ യായിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല .

1. ബിൽ നം - 3 /16-17 / 27.2.17
   കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ - 234272/-
   സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോഓപ്പറേറ്റീവ് ഫാർമസി - 10000/-

ആകെ ചെലവഴിച്ച തുക - 244272/-

2. ബിൽ നം - 2 /16-17 / 27.2.17

   ഔഷധി ദ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ - 1,50,000 /-

   ആകെ ചെലവഴിച്ച തുക - 1,50,000/-

3. ബ്ലോക്ക് ഷെയർ - 1,50,000/- (ചെക്ക് നം. 1586062 /27.3.17 )

   ചെലവഴിച്ച തുക - 80,000 /-

   കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ - 80,000 /-

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം4) മറുപടി ലഭിച്ചില്ല. മരുന്നു വാങ്ങുന്നതിനായി ചെലവഴിച്ച 474272/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-3 ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ-മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ ചെലവ് തുക അനുവദിക്കുന്നില്ല.

തൻവർഷം ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റിനു വേണ്ടി 200000/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം ആകെ ലഭ്യമായ മരുന്നുകൾ 43865/-രൂപയ്ക്ക് മാത്രമാണ്. ബാക്കി 156135/- രൂപയുടെ മരുന്ന് ലഭിച്ചതായി കാണുന്നില്ല. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ 1,56,135/- രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

കൂടാതെ സ്ഥാപനത്തിന്റെ ട്രഷറി ബിൽ ബുക്ക് പരിശോധിച്ചതിൽ 30.12.16 ൽ ക്രമ നം. 1, 2 ആയി 200000/- രൂപ വീതം ആകെ 400000/- രൂപ ചിലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് 200000/- രൂപ മാത്രമാണ്. ബാക്കിയുള്ള തുക സംബന്ധിച്ച് ആരാഞ്ഞതിന് ടി തുക തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിനായി ചെലവഴിച്ചതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വാക്കാൽ മറുപടി നൽകുകയുണ്ടായി. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ആധികാരികമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-4 ചെലവ് രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ വൗച്ചർ പരിശോധനയിൽ ഗ്രാമപഞ്ചായത്തിലെ മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി വൗച്ചർ നം. 222 – 236/ 20.6.16 (ചെക്ക് നം. 008465 – 008480) പ്രകാരം 157000/- രൂപ സി. എച്ച്. സി. മുഹമ്മ ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകിയിട്ടുണ്ട്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ചെലവ് രേഖകൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 8) മറുപടി ലഭ്യമായില്ല. തുക തടസ്സപ്പെടുത്തുന്നു.

## 3-5 ഗുണഭോക്തൃവിഹിതം - ചെലവ് രേഖകൾ ഹാജരാക്കിയില്ല

ഫിഷറീസ് ഇൻസ്പെക്ടർ നടപ്പാക്കിയ മത്സ്യത്തൊഴിലാളികൾക്ക് വല (പ്രോജക്ട് നം. S0028/17) എന്ന പ്രോജക്ടിനായി പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും 100000/- രൂപയും ഗുണഭോക്തൃവിഹിതമായി 100000/- രൂപയുമാണ് പദ്ധതി അടങ്കൽ. വികസനഫണ്ടിൽ നിന്നും 100000/- രൂപ (ബിൽ നം. 1/16-17/ 30.3.17, 36000/-, ബിൽ നം. 2/16-17/ 30.3.17, 64000/-) പിൻവലിച്ച് വലയുടെ വിലയായി മത്സ്യഫെഡ് വ്യാസാസ്റ്റോറിന് നൽകിയിട്ടുണ്ട്. അൻപത് ഗുണഭോക്താക്കളിൽ നിന്നും രണ്ടായിരം രൂപ വീതം ആകെ ഒരു ലക്ഷം രൂപ (രസീത് ബുക്ക് നം. 21212, 1-50 രസീതുകൾ) ഈടാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ വികസനഫണ്ടിൽ നിന്നും പിൻവലിച്ച 100000/- രൂപയ്ക്ക് മത്സ്യഫെഡ് വ്യാസാസ്റ്റോറിൽ നിന്നും വല വാങ്ങിയതിന്റെ ബിൽ മാത്രമാണ് ലഭ്യമായത്. എന്നാൽ ഗുണഭോക്തൃവിഹിതം ഒരു ലക്ഷം രൂപയുടെ ചെലവ് വിവരങ്ങൾ ലഭ്യമായില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 11) മറുപടി ഹാജരാക്കിയില്ല. ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-6 ഡ്രൈവിംഗ് പരിശീലനം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. : 05/17 ഡ്രൈവിംഗ് പരിശീലനം- എസ്.സി)

അടങ്കൽ : 1,00,000/- (വി.ഫ. – എസ്.സി.പി)

ചെലവ് : 98,500/-(ബിൽ നം. – 01/16-17 തീ: 29.07.2016)

27.05.16-ലെ II(2) പഞ്ചായയത്ത് കമ്മിറ്റി തീരുമാനം പ്രകാരം 2015-16-ലെ ഡ്രൈവിംഗ് പരിശീലനം എന്ന 52/-16-ാം പ്രോജക്ട് മാറ്റമില്ലാത തൻവർഷം സ്പിൽ ഓവറായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. പ്രോജക്ട് പ്രകാരം പ്രസ്തുത ഡ്രൈവിംഗ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരുന്നത് 3 വീലർ, ബാഡ്ജ് സഹിതമുള്ള 4 വീലർ ലൈസൻസ്, എന്നിവകളായിരുന്നു. പരിശീലനത്തിനുള്ള ടെണ്ടർ ക്ഷണിച്ചതിൽ ആളൊന്നിന് 9900/- രൂപ നിരക്കിൽ പരിശീലനം നൽകാമെന്ന കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പ്രീതി ഡ്രൈവിംഗ്സ് കൂൾ ചേർത്തലയുടെ ക്വട്ടേഷൻ അംഗീകരിച്ചതായും കാണുന്നു. (03.102015/ 9(2) പഞ്ചാ.ക. തീരുമാനം)

*<u>പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു</u>*

1. ഡ്രൈവിംഗ് സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാർ ലഭ്യമാക്കിയിട്ടില്ല. (കരാർ നിബന്ധനകളൊന്നും രേഖപ്പെടുത്താത്ത ഒരു മുദ്രപത്രം ഫയലിനൊപ്പം സൂക്ഷിച്ചിരിക്കുന്നു.)
2. 10 പേരിൽ 5 പേർക്ക് മാത്രമാണ് ബാഡ്ജ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ ആളൊന്നിന് 100/- മാത്രം കുറച്ച് 98500/- രൂപയും ഡ്രൈവിംഗ് സ്ഥാപനത്തിന് നൽകി. പ്രസ്തുത നടപടിയ്ക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയിട്ടുമില്ല.

അപാകതകളിന്മേൽ വിശദീകരണമാരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം: 14/ തീയതി: 30.06.2017) മുദ്രപത്രത്തിൽ കരാർ എഴുതി സൂക്ഷിക്കുന്നതാണെന്നും ക്രമ നം. 2 പ്രകാരമുള്ള അപാകതയിന്മേൽ പഞ്ചായത്ത് ഭരണ സമിതിയുടെ സാധൂകരണം വാങ്ങി സമർപ്പിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സ്ഥാപനം തുക കൈപ്പറ്റിയതിനാൽ കരാറിൽ ഏർപ്പെടുമെന്ന ന്യായം നിലനിൽക്കുന്നതല്ല. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 <u>എസ്.എസ്.എ.- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.</u>

എച്ച്. എം. നിർവ്വഹണ ഉദ്യോഗസ്ഥയായി തൻവർഷം എസ്.എസ്.എ. വിഹിതമായി വികസന ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. : 37/17 (എസ്.എസ്. എ. വിഹിതം)

അടങ്കൽ : 4,00,000/-(വി.ഫ)

ചെലവ് : 4,00,000/- (ബിൽ നം. 01/16-17/13.12.2016 (ഡി.ഡി.നം. 258052/16.12.2016)

പഞ്ചായത്ത് പരിധിയിലുള്ള സർക്കാർ സ്കൂളുകളിൽ എസ്.എസ്.എ. നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വാർഷിക ബജറ്റ് പ്ളാൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ 35% വിഹിതത്തിന്റെ ചെലവ് പത്രിക, വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 5, തീയതി: 28.06.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ രേഖകളുടെ അഭാവത്തിൽ പ്രോജക്ട് മുഖേന ചെലവഴിച്ച 4,00,000/- തടസ്സപ്പെടുത്തുന്നു.

## 3-8 <u>ഫർണ്ണിച്ചർ വാങ്ങിയതിന്റെ സ്റ്റോക്ക്, വിതരണ രേഖകൾ ഹാജരാക്കിയില്ല.- ചെലവ് തുക തടസ്സപ്പെടുത്തുന്നു.</u>

കേരളാ ആർടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും (കാഡ്കോ) സ്റ്റഡി ഡെസ്കും ബെഞ്ചും ഉൾപ്പെടുന്ന ഒരു യൂണിറ്റിന് 5220/- രൂപ നിരക്കിൽ (നികുതിയടക്കം 5976.9 രൂപ) 40 എണ്ണത്തിന് സപ്ലൈ

ഓർഡർ നൽകി സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. (ഡി.ഡി.നം. 258053/16.12.2016) എന്നാൽ ഫർണ്ണീച്ചറുകൾ സ്റ്റോക്കിലെടുത്തതായോ വിതരണം ചെയ്തതായോ ഉള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 5/28.06.2017) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 2,39,076/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

*<u>പ്രോജക്ട് വിശദാംശങ്ങൾ</u>*

*പ്രോജക്ട് നം. : 08/17 (ആസാദ് സ്കൂളിനും ഗവ.എൽ.പി.സ്കൂളിനും ഫർണ്ണീച്ചറും പാത്രങ്ങളും)*

*അടങ്കൽ : 2,50,000/- (മെ.ഫ. റോഡിതരം)*

*ചെലവ് : 2,39,076/- (ബിൽ നം. 02/16-17/13.12.2016 )*

## 3-9 <u>ബാലസഭ പ്രോജക്ട്- അപാകതകൾ</u>

കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായിട്ടുള്ള ലക്ഷ്യത്തോടെ എച്ച്. എം. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്റ്റാണിത്.

പ്രോ.നം. : 0129/17 (ബാലസഭ -കുട്ടികളുടെ സമഗ്ര വികസനം)

അടങ്കൽ : 1,70,000/-(വി.ഫ.-ജനറൽ -1 ലക്ഷം;എഫ്.സി.ജി- 70,000/-)

ചെലവ് : 1,68,090/-

1. ബിൽ നം. 05/16-17/31.03.2017 - 1ലക്ഷം;
2. ബിൽ നം. 06/16-17/31.03.2017 - 68,090/-)

*<u>പ്രോജക്ട് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.</u>*

1. സ.ഉ (സാധാ)1363/2015തസ്വഭവ 06.05.2015 ഉത്തരവ് പ്രകാരം കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള ബാലസഭയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 35000/-രൂപ വരെ ഫണ്ട് അനുവദിക്കാനാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. ഈ സാഹചര്യത്തിൽ വികസന ഫണ്ടിൽ നിന്നും 1.70 ലക്ഷം രൂപ വകയിരുത്തിയതിനും ആയത് പ്രകാരം 1.68 ലക്ഷം രൂപ ചെലവഴിച്ചതിനും സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതി / ഉത്തരവ് ലഭിച്ചതായി കാണുന്നില്ല.
2. ബാലസഭയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ 68,090/- രൂപ 5-ാം വാർഡ് എ.ഡി.എസിന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. 300 കുട്ടികൾക്ക് ഭക്ഷണം (2 ദിവസം) നൽകിയ ഇനത്തിൽ ആണ് പ്രസ്തുത തുക അനുവദിച്ചിരിക്കുന്നത്. ഹാജരാക്കിയിട്ടുള്ള രേഖകൾ പ്രകാരം 231 കുട്ടികൾ ഉൾപ്പെടെ ആകെ 280 പേർ (സംഘാടകർ, പരിശീലകർ ഉൾപ്പെടെ) മാത്രമാണ് പങ്കെടുത്തതായി കാണുന്നത്. എന്നാൽ 300 പേർക്കുള്ള ഭക്ഷണത്തിന്റെ തുക അനുവദിച്ചതായി കാണുന്നു.
3. പരിപാടിയുടെ നടത്തിപ്പിനായി എസ്.എം.സി. ചെയർമാന് 64,500/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥ മുൻകൂറായി നൽകിയിട്ടുണ്ട്. ക്രമീകരണ വൗച്ചറുകൾ പരിശോധിച്ചതിൽ 51,464/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഉള്ളത് ( 30231+9000+8933+800+2500). 13,036/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമല്ല.

അപാകതകളിന്മേൽ രേഖകളും വിശദീകരണവും ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 5, തീയതി: 28.06.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ക്രമ നം. 2-ൽ പരാമർശിച്ചിട്ടുള്ള അപാകതയുടെ അടിസ്ഥാനത്തിൽ 4539/-രൂപയും (68090/300=226.97; 226.97 x 20 പേരുടെ ഭക്ഷണത്തിന്റെ ചെലവ് തുക =4539/- രൂപ) ക്രമ നം. 3-ലെ അപാകതയുടെ അടിസ്ഥാനത്തിൽ 13,036/- രൂപയും ഉൾപ്പെടെ ആകെ 17,575/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ക്വട്ടേഷൻ ക്ഷണിക്കാതെ പർച്ചേസ് നടത്തി- ചെലവ് തുക തടസ്സപെടുത്തുന്നു

അംഗീകൃത ഗ്രന്ഥശാലകൾക്ക് പുസ്തകം എന്ന പ്രോജക്ട് മുഖേന പുസ്തകങ്ങൾ വാങ്ങി ഗ്രന്ഥശാലകൾക്ക് നൽകിയ പ്രോജക്ടിന്റെ വിശദാംശങ്ങളും അപാകതകളും താഴെകൊടുക്കുന്നു.

പ്രോജക്ട് നം. : 100/17 (അംഗീകൃത ഗ്രന്ഥശാലകൾക്ക് പുസ്തകം)

അടങ്കൽ : 1,00,000/- (വി.ഫ.-എഫ്.സി.ജി.)

ചെലവ് : 1,00,000/- (ബിൽ നം. 03/16-17/09.03.2017 )

1. 15000/- രൂപയ്ക്ക് മേൽ വരുന്ന ബുക്കുകളുടെ പർച്ചേസിന് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണെന്ന് സ്റ്റോർ പർച്ചേസ് മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കേ ഇതിനു വിരുദ്ധമായി ക്വട്ടേഷനൊന്നും ക്ഷണിക്കാതെ നാഷണൽ ബുക്ക് സ്റ്റാൾ എന്ന സ്ഥാപനത്തിൽ നിന്നും ഏകപക്ഷീയമായി 1,00,000/-രൂപയ്ക്ക് ബുക്കുകൾ വാങ്ങി.
2. ഗ്രാമശക്തി ഗ്രന്ഥശാല ഒഴികെയുള്ള വായനശാലകൾ അംഗീകൃത ഗ്രന്ഥശാലകളാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.
3. 8 ഗ്രന്ഥശാലകളും പുസ്തകങ്ങൾ കൈപ്പറ്റിയതിന്റെ രസീതി ഹാജരാക്കിയിട്ടില്ല.

അപാകതകളിന്മേൽ രേഖകളും വിശദീകരണവും ആരാഞ്ഞു നൽകിയഓഡിറ്റ് അന്വേഷണത്തിന് (നം. 5/28.06.2017) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 അംഗീകൃത വായനശാലകൾക്ക് പത്ര വരിസംഖ്യ- പ്രോജക്ടിലെ ന്യൂനതകൾ

തൻവർഷം നടപ്പിലാക്കിയ അംഗീകൃത വായനശാലകൾക്ക് പത്രവരിസംഖ്യ എന്ന പ്രോജക്ടിന്റെ വിശദാംശങ്ങളും ന്യൂനതകളും താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. : 055/17 (അംഗീകൃത വായനശാലകൾക്ക് പത്രവരിസംഖ്യ)

അടങ്കൽ : 1,00,000/-(വി.ഫ.-എഫ്.സി.ജി.)

ചെലവ് : 1,00,000/- (ബിൽ നം. 04/16-17/31.03.2017 )

20 അംഗീകൃത വായനശാലകൾക്ക് വാർഷിക പത്രവരിസംഖ്യ 5000/- രൂപ വീതം നൽകുന്നതിനായിട്ടാണ് പ്രോജക്ട്.

1. ആവർത്തന ചെലവ് വരുന്ന വരിസംഖ്യപോലുള്ള ഇനങ്ങൾക്ക് വികസനഫണ്ടിൽ നിന്നും തുക വകയിരുത്തി ചെലവ് ചെയ്തിരിക്കുന്നു. ഇത് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.
2. ഫയൽ പരിശോധിച്ചതിൽ, ആനുകൂല്യത്തിനുള്ള 20 വായനശാലകളിൽ 5 വായനശാലകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. (സന്മാർഗ സന്ദായിനി, കുട്ടികളുടെ വായനശാല, യുവജ്യോതി, സ്പാർക്, ഗ്രാമശക്തി)
3. നിർവ്വഹണ ഉദ്യോഗസ്ഥയുടെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ (നം. 706051400000134) 24.06.2017-ൽ 70,000/- രൂപ നീക്കിയിരിപ്പുണ്ട്. ടി തുക മേൽ പ്രോജക്ടിൽ നിന്നും 31.03.2017-ൽ പിൻവലിച്ച 1 ലക്ഷം രൂപയിൽ നിന്നും 6 വായനശാലകൾക്ക് വിതരണം ചെയ്തതിനു ശേഷം ബാക്കിയുള്ള തുകയാണെന്ന് കാണുന്നു. തുക ലഭിച്ച വായനശാലകളിൽ പെസാക് വായനശാലയ്ക്ക് തുക നൽകിയത് 21.06.2017-ലാണ്. തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുള്ളത് സന്മാർഗ സന്ദായിനി, വേദവ്യാസ സ്മാരക വായനശാല, യുവജന വായനശാല എന്നീ വായനശാലകൾ മാത്രമാണ്. 31.03.2017-ൽ തുക പിൻവലിച്ചെങ്കിലും ആയത്

ബന്ധപ്പെട്ട വായനശാലകളുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

4. 24.06.2017 തീയതിൽ 14 വായനശാലകൾക്ക് നൽകാനായി 5000/- രൂപ വീതമുള്ള ട്രഷറി ചെക്ക് തയാറാക്കിയതായി കാണുന്നു. (ചെക്ക് നം. 2147283 മുതൽ 2147296 വരെ) ഇതിൽ 24.06.2017-ൽ ചെക്ക് നം. 2147295 പ്രകാരം 5000/- രൂപ എ.കെ.ജി.ആർട്സ് & സ്പോർട്സ് ക്ലബിന് നൽകിയിട്ടുണ്ട്. മേൽ ചെക്കുകൾ ബന്ധപ്പെട്ട വായനശാലകളുടെ പേർക്ക് നൽകിയിട്ടില്ല.
5. സമന്വയ ഗ്രന്ഥശാല ഹാജരാക്കിയ വരിസംഖ്യ തുക 3328/- രൂപ മാത്രമാണ്. (2184+624+520) എന്നാൽ ടി വായനശാലയ്ക്കും 5000/- രൂപ വരിസംഖ്യ ഇനത്തിൽ നൽകാൻ ചെക്ക് (നം. 2147293/24.06.2017) തയാറാക്കിയതായി കാണുന്നു.

മേൽ അപാകതകളിന്മേൽ രേഖകളും വിശദീകരണവും ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:5, തീയതി: 28.06.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി അപാകതയുടെ അടിസ്ഥാനത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപെടുത്തുന്നു.

## 3-12 കരാർ പ്രവൃത്തികളിൽ നിന്നും നിശ്ചിത നിരക്കിൽ സേവന നികുതി ഈടാക്കുന്നില്ല

സ.ഉ.(പി.) നം. 30/2016/ധനം, തീയതി 29.02.2016 ഉത്തരവിലെ ക്രമ നം. 2 പ്രകാരം PRICE സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സേവനനികുതി ഒരു കമ്പോണന്റായി എല്ലാ പുതിയ പ്രവൃത്തികളിലും ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതായത് 2016-17 മുതൽക്കുള്ള എല്ലാ പ്രവൃത്തികൾക്കും ഇത് ബാധകമാണ്. 2006-ലെ സർവ്വീസ് ടാക്സ് റൂൾസ് (ഡിറ്റർമിനേഷൻ ഓഫ് വാല്യൂ); 2012-ലെ രണ്ടാം ഭേദഗതിപ്രകാരം കരാറുകാരിൽ നിന്ന് ഒറിജിനൽ പ്രവൃത്തികൾക്ക് പ്രവൃത്തി മൂല്യത്തിന്റെ 40% ന്റെ പകുതി സേവന നികുതിയും (മറുപകുതി സ്ഥാപനം വഹിക്കേണ്ടതാണ്) മറ്റുള്ള പ്രവൃത്തികൾക്ക് (including repair, maintenance, plastering of immovable property etc.,) പ്രവൃത്തി മൂല്യത്തിന്റെ 70%-ന്റെ സേവനനികുതി (കരാറുകാരിൽ നിന്നും മുഴുവനായും) ഈടാക്കേണ്ടതാണ്. എന്നാൽ തൻവർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള നിർമ്മാണ പ്രവൃത്തികളിൽ ആയൂർവേദാശുപത്രി പുനരുദ്ധാരണം, വനിതാവ്യവസായ കേന്ദ്രം-പുനരുദ്ധാരണം (കരാറുകാരൻ - പി.കെ.പ്രകാശൻ; ഈടാക്കിയ നികുതി @10.5%) എന്നീ പ്രവൃത്തികൾ ഒഴികെയുള്ള മറ്റ് പ്രവൃത്തികളിൽ നിന്നും സേവന നികുതി ഈടാക്കിയിട്ടില്ല. സേവന നികുതി ക്രമ പ്രകാരം ഈടാക്കേണ്ടതാണ്. അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 3-13 അങ്കണവാടികളുടെ പുനർ നിർമ്മാണം-പഴയ കെട്ടിടം പൊളിച്ചതിന്റേയും ഉടമസ്ഥാവകാശം സംബന്ധിച്ചതിന്റേയുംരേഖകൾ ഹാജരാക്കിയില്ല.

2016-17 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്ടുകൾ മുഖേന 15-ാം വാർഡിലെ 143-ാം നമ്പർ അങ്കണവാടിയും 13-ാം വാർഡിലെ 138-ാം നമ്പർ അങ്കണവാടിയും പുനർ നിർമ്മിച്ചിട്ടുണ്ട്.

15.01.2016-ൽ കരാറിലേർപ്പെട്ടതിനു ശേഷം 143-ാം നമ്പർ അങ്കണവാടിയുടെ കരാറുകാരനായ ശ്രീ. ഭുവനേന്ദ്രന് സൈറ്റ് കൈയേൽപ്പിച്ചത് 17.05.2016-ൽ മാത്രമാണ്. 20.04.2016-ൽ ടിയാൻ നൽകിയ അപേക്ഷയിൽ 143-ാം നമ്പർ അങ്കണവാടി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് പൊളിച്ചു നീക്കുവാനുള്ള കെട്ടിടം നിലനിൽക്കുന്നതായും ആയത് പൊളിച്ചു മാറ്റിയെങ്കിൽ മാത്രമേ കെട്ടിടംപണി ആരംഭിക്കുവാൻ സാധിക്കു എന്നു വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തിയ്ക്കായി 15.01.2016-ൽ കരാറിലേർപ്പെട്ടതിനു ശേഷം മൂന്നു മാസത്തിനു ശേഷം മാത്രമാണ് ടിയാൻ ബുദ്ധിമുട്ടറിയിച്ച് ടിയാൻ അപേക്ഷ നൽകിയിട്ടുള്ളത്. പണി പൂർത്തീകരിച്ചത് 02.11.2016-ൽ മാത്രമാണ്. കരാർ ദീർഘിപ്പിച്ചു നൽകുന്നതിന് അപേക്ഷ നൽകുകയോ ആയത് പ്രകാരം സപ്ലിമെന്ററി കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല.

13-ാം വാർഡിലെ 138-ാം നമ്പർ അങ്കണവാടി പൊളിച്ചു നിർമ്മിക്കുന്ന സാഹചര്യത്തിൽ നിലവിൽ അങ്കണവാടി നിലനിന്നിരുന്ന സ്ഥലത്തു നിന്നും കുറച്ച് കൂടി സൗകര്യപ്രദമായ സ്ഥലത്ത് നിർമ്മിക്കുന്നതിനായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതായി 01.02.2016-ലെ I(5)-ാം

നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ കാണുന്നു. അങ്കണവാടി മാറ്റി നിർമ്മിച്ചത് പഞ്ചായത്തിന്റെ സ്ഥലത്ത് തന്നെയാണെങ്കിൽ ആയത് പഞ്ചായത്തിന്റെ പേരിൽ പോക്കു വരവ് ചെയ്തതിന്റെ രേഖകൾ, ലൊക്കേഷൻ സ്കെച്ച്, സൈറ്റ് പ്ലാൻ, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

രേഖകളും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 3/27.06.2017) അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയ മറുപടിയുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

അങ്കണവാടി നം. 143-ലെ പഴയ കെട്ടിടം പൊളിച്ചു മാറ്റിയെങ്കിൽ മാത്രമേ പുതിയ നിർമ്മാണം സാധ്യമായിരുന്നുള്ളൂ. ആയതിന് സർവ്വേ റിപ്പോർട്ട് തയാറാക്കി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയിരുന്നെങ്കിലും ലേല നടപടികൾ പൂർത്തീയാക്കാൻ വൈകിയതിനാൽ സൈറ്റ് കൈമാറാൻ കാലതാമസം നേരിടുകയും ആയത് ബന്ധപ്പെട്ട കരാറുകാരനെ അറിയിക്കുകയും ടിയാന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി തുടങ്ങാൻ വൈകുന്നതിനാൽ പിന്നീട് ടിയാൻ രേഖാമൂലം 20.04.2016-ൽ അപേക്ഷ നൽകി. പഞ്ചായത്ത് പിന്നീട് പഴയ കെട്ടിടം പൊളിച്ചു നീക്കി നിർമ്മാണത്തിനായി സ്ഥലം നൽകിയതിനു ശേഷമാണ് സൈറ്റ് കൈമാറിയത്. കൈമാറി കിട്ടി 6 മാസത്തിനുള്ളിൽ കരാറുകാരൻ പണി പൂർത്തീകരിച്ചിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ചു മാറ്റിയതിന്റെ ലേല നടപടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ പഞ്ചായത്തിലാണ്. അങ്കണവാടി നം. 138 പുനഃ നിർമ്മാണവുമായി ബന്ധപ്പെട്ട് മാറ്റി നൽകിയ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്താഫീസിലാണ്.

143-ാംഅങ്കണവാടി നിർമ്മിക്കുന്നതിനായി പഴയ കെട്ടിടം പൊളിച്ചതിന്റെ എസ്റ്റിമേറ്റ്, പൊളിച്ചു മാറ്റിയപ്പോൾ ലഭിച്ച നിർമ്മാണ സാമഗ്രികളുടെ അളവു വിവരം, ആയത് ലേലം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ എന്നിവയും 138-ാം നമ്പർ അങ്കണവാടി നിർമ്മിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളും ഹാജരാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-14 അങ്കണവാടികളുടെ പുനർ നിർമ്മാണം- ആർ.ആർ. മേസൺറി പ്രവൃത്തിയ്ക്ക് അധിക നിരക്ക് അനുവദിച്ചത് അംഗീകരിക്കുന്നില്ല.

2016-17 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്ടുകൾ മുഖേന 15-ാം വാർഡിലെ 143-ാം നമ്പർ അങ്കണവാടിയും 13-ാം വാർഡിലെ 138-ാം നമ്പർ അങ്കണവാടിയും പുനർ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ എസ്റ്റിമേറ്റ് ഇനം 3 ആയി (CPWD Specification 7.1.1) ഫൗണ്ടേഷനും ബേസ്മെന്റും നിർമ്മിക്കുക എന്ന R.R. masonary പ്രവൃത്തിയിൽ സി.സി. 1:6:12 ഉം ഉൾപ്പെട്ടിട്ടുണ്ട്. ഇതിന് സിമന്റ് കോൺക്രീറ്റിംഗ് ഉൾപ്പെടെയുള്ള നിരക്കായ 5709.05/$m^3$ ആണ് അനുവദിച്ചിട്ടുള്ളത്. ബേസ്മെന്റിന് മുകളിൽ ഇനം 5 ആയി ബെൽറ്റ് (CC 1:1.5:3) നിർമ്മിച്ചിട്ടുള്ളതിനാൽ മേൽ നിരക്കിൽ ഉൾപ്പെട്ട 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് എന്ന ഇനം ചെയ്യേണ്ട ആവശ്യമില്ല. ഇതിനുള്ള നിരക്ക് കുറച്ചതിനുശേഷമുള്ള നിരക്കാണ് അനുവദിക്കേണ്ടിയിരുന്നത്. കുറവു വരുത്തേണ്ട നിരക്കിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | യൂണിറ്റ് | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| സിമന്റ് കോൺക്രീറ്റിംഗ് 1:6:12 | L.S. | 45.760 | 1.78 | 81.45 |
| വാട്ടർ ചാർജ് @1% | | | | 0.8145 |
| സി.പി. & ഓവർഹെഡ്@15% | | | | 12.22 |
| ആകെ | | | | 94.485 |
| കോസ്റ്റ് ഇൻഡക്സ് 45.71% | | | | 43.19 |
| കുറവ് വരുത്തേണ്ട നിരക്ക് | | | | 137.68/$m^3$ |

I) പ്രോജക്ട് നം : 11/17(അങ്കണവാടി 138 പുനർ നിർമ്മാണം)(സ്പിൽ ഓവർ പ്രോജക്ട്)

അടങ്കൽ : 7,00,000/-

ചെലവ് : 695007/-(1.ബിൽനം-63 /15-16- /31.03.16- 352650/-

2.ബിൽ നം. : 13/16-17- 22.03.17- 342357/-)

പ്രവൃത്തി മൂല്യം : 695076/-

ടെണ്ടർ കിഴിവ് : (0.01%)- 69.51

കരാറുകാരൻ : അബ്ദുൾ ഷുക്കൂർ

അളവ് പുസ്തകങ്ങൾ : 1) 44/AE/MHM/2015-16,

2) 69/AE/MHM/2015-16,

3) 80/AE/MHM/2015-16,

R.R. masonry ഇനം ചെയ്ത അളവ്- 18.32 എം$^3$

നൽകിയ തുക 18.32 @ 5709.05/m$^3$ = 104589.80/-

( M.B No. 69/2015-16 P No.03)

നൽകേണ്ടിയിരുന്ന തുക - 18.32 @ 5571.37/M$^3$ (137.68/m$^3$ കുറച്ച നിരക്ക്) =102067.50/-

വ്യത്യാസം = 104589.80 – 102067.50 = 2522.3

ടെണ്ടർ കിഴിവ് (0.01%) = 0.2522

അധികം നൽകിയ തുക = 2522/- രൂപ

II) പ്രോജക്ട് നം. : 12/17 (അങ്കണവാടി 143 പുനർ നിർമ്മാണം) (സ്പിൽ ഓവർ പ്രോജക്ട്)

അടങ്കൽ : 7,00,000/-

ചെലവ് : 699766/-(ബിൽനം-02/16-17/26.12.2016)

പ്രവൃത്തി മൂല്യം : 699836/-

ടെണ്ടർ കിഴിവ് : (0.01%)- 69.98

കരാറുകാരൻ : കെ. ഭുവനേന്ദ്രൻ

അളവ് പുസ്തകങ്ങൾ : 1) 78/AE/MHM/2015-16,

2) 79/AE/MHM/2015-16,

R.R. masonry ഇനം ചെയ്ത അളവ്- 20.90 എം$^3$ (എസ്റ്റിമേറ്റളവിൽ നിജപ്പെടുത്തിയത്)

നൽകിയ തുക 20.90 @ 5709.05/m$^3$ = 119319.14/-

( M.B No. 79/2015-16 P. No.05)

നൽകേണ്ടിയിരുന്ന തുക - 20.90@ 5571.37/M$^3$ (137.68/m$^3$ കുറച്ച നിരക്ക്) = 116441.63/-

വ്യത്യാസം = 119319.14 – 116441.63 = 2877.51

ടെണ്ടർ കിഴിവ് (0.01%) = 0.2878

അധികം നൽകിയ തുക = 2877/- രൂപ

അധിക നിരക്കിൽ തുക നൽകിയതിന് R.R. Masonry എന്ന ഇനത്തിൽ ഉൾപ്പെട്ടിട്ടുള്ള 1:6:12 എന്നത് പ്രത്യേകം

കനമില്ലാത്ത ഒരു ലെവലിംഗ് കോഴ്സ് മാത്രമാണെന്നും ആയതിനാൽ എസ്റ്റിമേറ്റുകളിലെ R.R. Masonry എന്ന ഇനത്തിൽ ഉൾപ്പെട്ടിട്ടുള്ള 1:6:12 ഒഴിവാക്കാൻ പാടില്ലാത്തതെന്നുമാണെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ബെൽറ്റ് നിർമ്മിക്കാത്ത സാഹചര്യങ്ങളിൽ മാത്രമാണ് ബേസ്മെന്റിനു മുകളിൽ ലെവലിംഗ് കോഴ്സ് ആവശ്യമായിട്ടുള്ളത്.ആയതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല. മേൽ രണ്ടു പ്രോജക്ടുകളിലുമായി ഇപ്രകാരം അധികം നൽകിയ 5399/- രൂപ (2522+2877) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-15 ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്യാതിരുന്നത് മൂലം അധിക തുക നൽകി

2016-17 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിനാൽ ഒഴിഞ്ഞ ഒരു ബാരലിന്റെ വിലയായി നികുതിയടക്കം 250/-രൂപ വീതം ബില്ലിൽ കുറവു ചെയ്യേണ്ടിയിരുന്നു. തൻവർഷം ടി പ്രവൃത്തികൾക്കായി കരാറുകാരനായ ശ്രീ. അംബികേശൻ പി.എസ് ഇപ്രകാരം ആകെ 31 ബാരൽ ടാറാണ് ഉപയോഗിച്ചിട്ടുള്ളത്. ( എച്ച്.പി. ഇൻവോയ്സ് നം.31833/29.03.2017) തൻമൂലം ഈയിനത്തിൽ 7750/- രൂപ ബില്ലിൽ കുറയ്ക്കേണ്ടിയിരുന്നു.

പ്രവൃത്തികളുടെ വിശദാംശം താഴെ പട്ടികയായി ചേർത്തിരിക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദാംശം | അടങ്കൽ | ചെലവ് തുക | ബിൽനം./ തീയതി | പ്രവൃത്തി മൂല്യം | ഉപയോഗിച്ച ടാറിന്റെ അളവ് | അളവ് പുസ്തകം | ഫൈനൽ ബില്ലിൽ നിന്നും കുറയ്ക്കേണ്ടിയിരുന്ന ബാരലിന്റെ വില |
|---|---|---|---|---|---|---|---|---|
| 1 | കിഴക്കേ ഗുരു മന്ദിരം-ഒറ്റാച്ചിയിൽ റോഡ് റീ ടാറിംഗ്- വാർഡ്1 പ്രോ.നം. 59/17 | 150000/- (മെ.ഫ. റോഡ്) | 149822/- | 33/16-17/ 31.03.17 | 149822/- | 1198.42കി.ഗ്രാം MBPNo.10 (8 Barrel) | 21/AE/MHM/ 2016-17 | 2000/- |
| 2 | മൂപ്പൻ പറമ്പ് ജനശക്തി റോഡ് ടാറിംഗ്- വാർഡ് 6 പ്രോ.നം. 68/17 | 405000/- (മെ.ഫ. റോഡ്) | 404800/- | 1)21/16-17/ 31.03.17 184562/- 2)36/16-17/ 31.03.17- 220238/- | 404800/- | 1563.51കി.ഗ്രാം MBPNo.12 (9 Barrel) | 55/AE/MHM/ 2016-17 | 2250/- |
| 3 | ആര്യക്കര- ലക്ഷം വീട് റോഡ് ടാറിംഗ്- വാർഡ് 7 പ്രോ.നം. 70/17 | 208000/- (മെ.ഫ. റോഡ്) | 207575/- | 1)25/16-17/ 31.03.17 96049/- 2)32/16-17/ 31.03.17- 111526/- | 207575/- | 812.46കി.ഗ്രാം MBPNo.13 (5 Barrel) | 56/AE/MHM/ 2016-17 | 1250/- |
| 4 | പുതുപ്പറമ്പ് കോളനി റോഡ് ടാറിംഗ്- വാർഡ്13 പ്രോ.നം. 83/17 | 180000/- (മെ.ഫ. റോഡ്) | 179899/- | 1)24/16-17/ 31.03.17 83243/- 2)35/16-17/ 31.03.17- 96656/- | 179899/- | 711.07കി.ഗ്രാം MBPNo.09 (5 Barrel) | 20/AE/MHM/ 2016-17 | 1250/- |
| 5 | മുണ്ട് വീട് കല്ലാപ്പുറം റോഡ് ടാറിംഗ്- വാർഡ്15 പ്രോ.നം. 89/17 | 170000/- (മെ.ഫ. റോഡ്) | 168970/- | 1)22/16-17/ 31.03.17- 77217/- 2)34/16-17/ | 168970/- | 673.09കി.ഗ്രാം MBPNo.11 (4 Barrel) | 59/AE/MHM/ 2016-17 | 1000/- |

| ക്രമ നം. | പ്രോജക്റ്റ് വിശദാംശം | അടങ്കൽ | ചെലവ് തുക | ബിൽനം./ തീയതി | പ്രവൃത്തി മൂല്യം | ഉപയോഗിച്ച ടാറിന്റെ അളവ് | അളവ് പുസ്തകം | ഫൈനൽ ബില്ലിൽ നിന്നും കുറയ്ക്കേണ്ടിയിരുന്ന ബാരലിന്റെ വില |
|---|---|---|---|---|---|---|---|---|
| | | | | 31.03.17<br>91753/- | | | | |
| | | | | ആകെ | | 31 എണ്ണം | | 7750/- രൂപ |

ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിൻ നിരക്ക് നൽകിയതിനാൽ കരാറുകാരനിൽ നിന്നും കാലി വീപ്പ തിരികെ ലഭ്യമാകാത്ത സാഹചര്യത്തിൽ ആയതിന്റെ നിരക്ക് ഈടാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:15/30.06.17) കരാറുകാരനിൽ നിന്ന് തുക ഈടാക്കി വിവരം ധരിപ്പിക്കുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയച്ചിട്ടുണ്ട്. ആയതിനാൽ ടി ഇനത്തിൽ അധികം നൽകിയ തുക 7750/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കരാറുകാരൻ തുക ഒടുക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-16 മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം

ഗ്രാമ പഞ്ചായത്തിലെ 2016-17 വർഷത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിൽ പദ്ധതികൾ പ്രധാനമായും നടത്തിയത് ഭൂവികസന-ജലസംരക്ഷണ അനുബന്ധ മേഖലകളിലാണ്. തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി 55.11തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കിയത്. തൊഴിൽ ആവശ്യപ്പെട്ട 1834 കുടുംബങ്ങളിൽ കേവലം 93 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത് (5.07%) കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ അലംഭാവമുണ്ടായിട്ടുണ്ട്. ടി വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷശ്രദ്ധ ക്ഷണിക്കുന്നു.

നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) രജിസ്ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 100 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3587 |
| തൊഴിലിന് അപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1834 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1834 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 101080 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 93 |

(2) ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ (2016-17)

| | |
|---|---|
| തൻവർഷം ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 609 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 609 |
| തൻവർഷം പൂർത്തിയാക്കിയത് | 299 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 310 |

| | |
|---|---|
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | ഇല്ല |
| തൻവർഷം പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം | 100 |

(3) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | റോഡ് നിർമ്മാണ പ്രവൃത്തികൾ | 6 | 262000 |
| 2 | വെള്ളപ്പൊക്ക നിവാരണം | 80 | 3016000 |
| 3 | വനവത്ക്കരണം | 1 | 7000 |
| 4 | ദുർബല വിഭാഗങ്ങളുടെ ഭൂമിയിലെ മണ്ണ്, ജല സംരക്ഷണം | 258 | 15600000 |
| 5 | ഭൂവികസനം | 111 | 10214280 |
| 6 | കുടിവെള്ളം | 1 | 1000 |
| 7 | വ്യക്തിഗത ശുചിമുറി നിർമ്മാണം | 150 | 940000 |
| 8 | കമ്പോസ്റ്റ് പിറ്റ് | 2 | 3000 |
| 9 | ഭരണചെലവ് | | 958650 |
| | ആകെ | 609 | 31001930 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന

1. 2016-17 വാർഷിക കണക്കിലെ RP(43) പത്രിക പ്രകാരം റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ കുടിശ്ശികയായി 18,73,895/- രൂപയും നോൺ -റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ നികുതിയിനത്തിൽ കുടിശ്ശിക തുക 5,62,688/- രൂപയും ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള B(15) ഷെഡ്യൂളിൽ നോൺ -റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ കുടിശ്ശിക തുക രേഖപ്പെടുത്തിയിട്ടില്ല. റെസിഡെൻഷ്യൽ കെട്ടിടങ്ങളുടെ കിട്ടാനുള്ള വസ്തു നികുതിയായി രേഖപ്പെടുത്തിയിട്ടുള്ളത് 19,76,190/-രൂപയാണ്. വ്യത്യാസം 4,60,393/-രൂപ.

2. വാർഷിക ധനകാര്യ പത്രികയിലെ ആസ്തി വിവരങ്ങളിൽ ആസ്തി രജിസ്റ്റർ പ്രകാരമുള്ള എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീ:26.07.2011) നടപ്പാക്കിയിട്ടില്ല.
3. ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസ്സിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 650000 | 120/17, 31/17 | 650000 | |
| ജില്ലാപഞ്ചായത്ത് | 2016-17 | 800000 | 119/17, 150/17, 31/17 | 800000 | |
| ശുചിത്വമിഷൻ | - | - | - | - | - |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2016-17 | 582950 | 32 | 582950 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| K.S.E.B | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 56/31.03.17 | 374878 | - | 1200000 |
| | | 57/31.03.17 | 225122 | | |
| | | 1586064/31.03.17 | 600000 | | |
| KWA | അങ്കണവാടികൾക്ക് ജപ്പാൻ കുടിവെള്ള കണക്ഷൻ | 55/31.03.17 | 500000 | - | 600000 |
| | | 17269/31.03.17 | 100000 | | |
| KSEB | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 42/21.03.17 | 100000 | - | 108750 |
| | | 17270/31.03.17 | 8750 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഇല്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭ-ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | 747/2010 തീയതി 05/03/016 | 7200000<br>4000000 | 2224245<br>1259550 | 598953<br>388214 | - | 1625292<br>871336 | - |
| ആകെ | | | 3483795 | 987167 | - | 2496628 | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7500/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2013-14 | 2-2(4) | 2500 | സി. ശ്രീജ, സെക്രട്ടറി<br>മുഹമ്മ ഗ്രാമ പഞ്ചായത്ത് | 11601100711/25/<br>05/2016 |
| 2012-13 | 2-2(3) | 2500 | സി. ശ്രീജ, സെക്രട്ടറി<br>മുഹമ്മ ഗ്രാമ പഞ്ചായത്ത് | 11601101358/29/<br>07/2016 |
| 2011-12 | 2-3 | 2500 | വി.റ്റി. തങ്കമണി, എൽ.ഡി.സി.,<br>മുഹമ്മ ഗ്രാമ പഞ്ചായത്ത് | 11601101316/<br>27.07.16 |
| ആകെ | | 7500/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,67,86,608/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,91,51,887/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | തിട്ടപ്പെടുത്തിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 6,43,556/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 28,08,732/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 474272 | ഡോ. ശ്രീദേവി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-3 | | 156135 | ഡോ. കെ. വി. മോഹൻദാസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-14 | | 5399/- | ശ്രീമതി. മായാദേവി പി.ആർ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-15 | | 7750/- | ശ്രീമതി. മായാദേവി പി.ആർ, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | - | 6,43,556/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 17,95,081/- | ശ്രീമതി. എസ്. അംബിക, സെക്രട്ടറി |
| 3-4 | 1,57,000/- | ശ്രീമതി. എസ്. അംബിക, സെക്രട്ടറി |
| 3-7 | 4,00,000/- | ശ്രീമതി. ജ്യോതികല. പി. എസ്, എച്ച് എം (എൽ. പി. എസ്) |
| 3-8 | 2,39,076/- | |
| 3-9 | 17,575/- | |
| 3-10 | 1,00,000/- | |
| 3-11 | 1,00,000/- | |
| ആകെ | 28,08,732/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

നിജപ്പെടുത്തിയിട്ടില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-13

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. എസ്. അംബിക,<br>സെക്രട്ടറി | സെക്രട്ടറി,<br>മുഹമ്മ ഗ്രാമ പഞ്ചായത്ത് | നന്നകേരിൽ,<br>മുഹമ്മ. പി.ഒ. |
| ശ്രീമതി. ജ്യോതികല. പി. എസ്,<br>എച്ച് എം ( എൽ പി എസ് ) | ഹെഡ്മിസ്ട്രസ് ,<br>ആസാദ് മെമ്മോറിയൽ എൽ. പി. സ്കൂൾ | രെജി നിവാസ്,<br>സി. എം. സി. 14 ,<br>ചേർത്തല. പി. ഒ. |
| ശ്രീമതി. മായാദേവി പി.ആർ.,<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ,എൽ.എസ്.ജി.ഡി,<br>മുഹമ്മ ഗ്രാമപഞ്ചായത്ത് | സാഗർമഠം,<br>എസ്.എൽ.പുരം. പി. ഒ.,<br>ചേർത്തല |
| ഡോ. ശ്രീദേവി,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, സി. എച്ച്. സി,<br>മുഹമ്മ | വിശ്വമംഗലം ഹൗസ് ,<br>കരുമാടി. പി. ഒ.,<br>അമ്പലപ്പുഴ. |
| ഡോ. കെ വി മോഹൻദാസ്,<br>മെഡിക്കൽ ഓഫീസർ<br>( ഹോമിയോ) | ചീഫ് മെഡിക്കൽ ഓഫീസർ,<br>ഗവ. ഹോമിയോ ഡിസ്പെൻസറി,<br>തണ്ണീർ മുക്കം | തോണിപ്പുരയ്ക്കൽ,<br>മരുത്തോർവട്ടം. പി. ഒ,<br>ചേർത്തല. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ജി.എ-5-1832/11/17.1.2002 |
| 1997-98 | എൽ.എഫ്.ജി.എ-5-1832/11/21.1.2002 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/19.1.2002 |
| 1999-2000 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 |
| 2001-02 | എൽ.എഫ്.ജി.എ-5-1832/11/25.1.2002 |
| 02-03 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 03-04 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 04-05 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 05-06 | എൽ.എഫ്.ജി.എ-5-1832/11/31.1.2002 |

| | |
|---|---|
| 06-07 | എൽ.എഫ്.എ.ജി-5/1577/ 14/16.01.14 |
| 07-08 | എൽ.എഫ്.എ.ജി-5/1577/ 14/16.01.14 |
| 08-09<br>10-11 | എൽ.എഫ്.എ.ജി-5/1577/ 13/16.5.14 |
| 11-12 | എൽ.എഫ്.എ.പി1/496/2014 / 04.07.14/05.09.14 |
| 12-13<br>13-14 | എൽ.എഫ്.എ.പി 1/130/15/ 21.4.2015/08.06.15 |
| 14-15 | കെ.എസ്.എ/എ.എൽ.പി/പി1-764/16/15.7.16 |
| 15-16 | കെ.എസ്.എ/എ.എൽ.പി/പി1-4-1524/2016/04.01.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ

## അനുബന്ധം-1

നം. കെ.എസ്.എ-എ.എൽ.പി-പി14-858/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 20.07.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

.

.

No. KSA-ALP-P14-858/14

Kerala State Audit Department,

District Audit Office, Alappuzha.

Date: 20.07.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Muhamma Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Muhamma Gramapanchayat for the year 2016-17 except the observations in my audit report, Para 4-1, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha